**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന രോഗികൾക്ക് നൽകുന്ന ചികിൽസാ സഹായം വിതരണം ചെയ്യുന്നതിൽ കാലതാമസം**

9 [589] *ശ്രീ. കെ. പി. രാജേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗവിഭാഗത്തിൽപ്പെടുന്ന രോഗികൾക്ക് നൽകുന്ന ചികിൽസാ സഹായം വിതരണം ചെയ്യുന്നതിൽ കാലതാമസം നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചികിൽസാ സഹായം കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) രോഗി മരണപ്പെട്ടതിനെത്തുടർന്ന് ചികിൽസാ സഹായം നിഷേധിക്കുന്നതുമൂലം പല കുടുംബങ്ങളും കഷ്ടപ്പെടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) തൃശ്ശൂർ ജില്ലയിൽ 2005 ഏപ്രിൽ മുതൽ ജൂൺ 30 വരെ ഇത്തരത്തിലുള്ള എത്ര അപേക്ഷകർക്ക് ധനസഹായം വിതരണം ചെയ്യാൻ കുടിശ്ശിക ഉണ്ടെന്ന് വ്യക്തമാക്കാമോ?

*ഉത്തരം*

(എ) & (ബി) ചികിൽസാ ധനസഹായത്തിനുള്ള അപേക്ഷയോടൊപ്പം ആവശ്യമായ രേഖകളെല്ലാം സമർപ്പിക്കുന്നവരുടെ കാര്യത്തിൽ ധനസഹായം അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നില്ല. അർഹരായവർക്ക് എത്രയും പെട്ടെന്ന് ധനസഹായം ലഭ്യമാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ചികിൽസാ ധനസഹായം അനുവദിച്ചതിനുശേഷം അത് കൈപ്പറ്റുന്നതിനുമുൻപ് രോഗി മരണമടഞ്ഞാൽ അനുവദിച്ച തുക രോഗിയുടെ യഥാർത്ഥ അനന്തരാവകാശികൾക്ക് നൽകുന്നുണ്ട്.

ചികിൽസാ ധനസഹായത്തിനുള്ള അപേക്ഷ സമർപ്പിച്ചതിനുശേഷം തുക അനുവദിക്കുന്നതിനുമുൻപ് രോഗി മരിക്കുകയാണെങ്കിൽ അർഹതയുടെ അടിസ്ഥാനത്തിൽ തുക യഥാർത്ഥ അനന്തരാവകാശികൾക്ക് അനുവദിക്കുന്ന കാര്യം സർക്കാരിന്റെ സജീവപരിഗണനയിലാണ്.

(ഡി) രോഗി മരണപ്പെട്ടതുമൂലം ചികിൽസാ ധനസഹായം നൽകാനായി ഒരു അപേക്ഷ ബാക്കിയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly